**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1627** **13-02-2025 - ൽ മറുപടിയ്ക്ക്**

**ആധുനിക കൃഷി രീതികൾ ഉപയോഗിച്ച് ഉല്പാദനം വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മൊത്തം എത്ര ഹെക്ടർ ഭൂമിയാണ് കൃഷിക്ക് അനുയോജ്യമായതെന്നും ഇതിൽ തരിശ് ഭൂമിയായി എത്ര ഹെക്ടറാണ് നിലനിൽക്കുന്നതെന്നും കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | സാമ്പത്തിക സ്ഥിതി വിവരക്കണക്ക വകുപ്പിന്റെ കണക്കുകൾ അനുസരിച്ച് 2023-24 ൽ സംസ്ഥാനത്ത് മൊത്തം 20,81,357.94 ഹെക്ടർ ഭൂമിയാണ് കൃഷിക്ക് അനുയോജ്യമായത്. ഇതിൽ തരിശ് ഭൂമിയായി 1,08,588.22 ഹെക്ടറാണ് നിലനിൽക്കുന്നത്. |
| (ബി) | തരിശ് ഭൂമികളും ഇടവിളകൃഷിക്ക് ഉപയോഗിക്കാവുന്ന പ്രദേശങ്ങളും കണ്ട് പിടിച്ച് ആധുനിക കൃഷി രീതികൾ ഉപയോഗിച്ച് ഉല്പാദനവും കാർഷിക വരുമാനവും വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ? | (ബി) | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് തരിശു ഭൂമിയിൽ കൃഷിയും ഇടവിള കൃഷിയും ചെയ്യുന്നതിനും ശാസ്ത്രീയ കാർഷിക രീതികളിലൂടെ ഉത്പാദനം വർദ്ധിപ്പിക്കുവാനും വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി പല ഘടകങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്.<br><br>കേരളത്തിലെ ഉപയോഗശൂന്യമായതും തരിശായി കിടക്കുന്നതുമായ ഭൂവിഭവങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ ഉപയോഗപ്പെടുത്തുന്നതിനായി, ഉദ്യാനകൃഷി, ഹൈഡ്രോപോണിക്സ്, സംരക്ഷിത കൃഷി, കൃത്യതാ കൃഷി, ഹൈടെക് ഇടവിള കൃഷി, കൂൺ കൃഷി, തേനീച്ച വളർത്തൽ, വിള വളർത്തൽ, അനുബന്ധ മേഖലകൾ എന്നിവ നടപ്പിലാക്കുന്നതിനായി "നവോധൻ" ("NAWO-DHAN) എന്ന പേരിൽ പുതിയ പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ട്. ഭൂവുടമകളെയും കർഷക ഉത്പാദക സംഘടനകളെയും കൃഷിക്കൂട്ടങ്ങളെയും കുടുംബശ്രീ യൂണിറ്റുകളെയും സ്വയം സഹായ സംഘങ്ങളെയും സ്റ്റാർട്ടപ്പുകളെയും യുവജന സംഘങ്ങളെയും ബന്ധിപ്പിക്കുന്ന ഒരു ഫെസിലിറ്റേറ്ററായി "NAWO-DHAN പ്രവർത്തിച്ച് ഇരു കക്ഷികളിൽ നിന്നും താൽപ്പര്യ പ്രഖ്യാപനങ്ങൾ (EOI) ഓൺലൈൻ മുഖേന ക്ഷണിച്ചിട്ടുണ്ട്. പ്രാരംഭ ഘട്ടത്തിൽ വിവിധ സർക്കാർ വകുപ്പുകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും ഉടമസ്ഥതയിലുള്ള ഉപയോഗശൂന്യമായ കൃഷിഭൂമി പദ്ധതി നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുക്കുവാൻ |

| | | | |
|---|---|---|---|
| | | | ഉദ്ദേശിക്കുന്നു. കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ മേൽനോട്ടത്തിൽ, നവോ-ധൻ പദ്ധതിയുടെ നടത്തിപ്പിനായി കേരള അഗ്രോ ബിസിനസ് കമ്പനി (കാബ്കോ) യെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി നിയോഗിച്ചിരിക്കുന്നു.<br><br>കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാർ നടപ്പിലാക്കിയ സുഭിക്ഷകേരളം പദ്ധതിയുടെ ഒരു പ്രധാന ഘടകം തരിശു നിലത്തിൽ കൃഷി പ്രോത്സാഹിപ്പിക്കൽ ആയിരുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി നെല്ല്, പച്ചക്കറി, കിഴങ്ങ് വർഗ്ഗങ്ങൾ, പയർവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ എന്നീ വിളകളുടെ തരിശുനില കൃഷിക്ക് പ്രോത്സാഹനം നൽകി.<br><br>2024-25 സാമ്പത്തിക വർഷത്തിൽ നെൽകൃഷി വികസന പദ്ധതിയിലും 'വിള വൈവിധ്യവൽക്കരണം, വിള തീവ്രത, അവതരണം' (Crop diversification, intensification & introduction) എന്ന പദ്ധതിയിലും തരിശ്ശ് ഭൂമിയിൽ കൃഷി ചെയ്യുന്നതിന് പ്രോത്സാഹനം നൽകുന്നു. നെൽകൃഷി വികസന പദ്ധതിയിൽ തരിശുനിലങ്ങളിലെ നെൽകൃഷിയുടെ പുനരുജ്ജീവനം ലക്ഷ്യമിട്ട് നെൽകൃഷി വിസ്തൃതി വ്യാപനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി തരിശു നില നെൽകൃഷിക്ക് പ്രോത്സാഹനം നൽകി വരുന്നു. നിലവിൽ തരിശ് നെൽകൃഷിക്കായി 35000 രൂപ കർഷകനും, 5000 രൂപ ഭൂവുടമകൾക്കും ചേർത്ത് ആകെ സഹായധനമായി ഹെക്ടറൊന്നിനു 40000 രൂപ നൽകുന്നു. ഇതിനായി 2024-25 സാമ്പത്തിക വർഷത്തിൽ 280 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്.<br><br>തരിശു നിലങ്ങളിലും തെങ്ങിൻ തോട്ടങ്ങളിലെ ഇടപ്രദേശവും ഉപയോഗപ്പെടുത്തി വിള പരിക്രമണം, ബഹുവിള കൃഷി, ഇടവിള കൃഷി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി 'വിള വൈവിധ്യവൽക്കരണം, വിള തീവ്രത അവതരണം' എന്ന പദ്ധതിയിലൂടെ ചെറുധാന്യങ്ങൾ, പയറുവർഗ്ഗങ്ങൾ, എണ്ണക്കുരുക്കൾ എന്നിവയുടെ കൃഷിക്ക് പ്രോത്സാഹനം നൽകുന്നു. നാളികേര വികസന പദ്ധതിയിലെ കേരഗ്രാമം എന്ന ഘടകത്തിൽ ഇടവിള കൃഷിയ്ക്ക് പ്രോത്സാഹനം നൽകുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെയും തരിശു ഭൂമിയിൽ കൃഷിയും ഇടവിള കൃഷിയും പ്രോത്സാഹിപ്പിക്കുന്നതിനായി പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ